**പതിനാലാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 114** **30-01-2018 ൽ മറുപടിക്ക്**

## ഭൂമി കൈയ്യേറ്റം തടയുന്നതിന് നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.മുഹമ്മദ് മുഹസിൻ പി.<br>ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ<br>ശ്രീ. വി.ആർ. സുനിൽ കുമാർ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) ഭൂമി കൈയ്യേറ്റം തടയുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; | (എ) ഭൂമി കയ്യേറ്റങ്ങൾ തടയുന്നതിന് ഡെപ്യൂട്ടി കളക്ടർ (എൽ.ആർ) ന്റെ , നേതൃത്വത്തിൽ എല്ലാ തഹസീൽദാർ (ഭൂരേഖ)മാരേയും താലൂക്ക് സർവ്വെയർമാരേയും ഉൾപ്പെടുത്തി ജില്ലാ-താലൂക്ക് അടിസ്ഥാനത്തിൽ ഒരു ടീം രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. വില്ലേജ് ഓഫീസർ ചാർജ് ഓഫീസർമാർ മുഖേന പുറമ്പോക്ക് പരിശോധിച്ച് കയ്യേറ്റം ഉണ്ടാകാതിരിക്കുന്നതിനും സർക്കാർ ഭൂമി സംരക്ഷിക്കുന്നതിനും ആവശ്യമായ നടപടികളും സ്വീകരിച്ചിട്ടുണ്ട്. കൂടാതെ കയ്യേറ്റങ്ങൾക്കെതിരെ വില്ലേജ് തലത്തിലുള്ള ജനകീയസമിതികളുടെ പ്രവർത്തനവും കാര്യക്ഷമമാക്കിയിട്ടുണ്ട്. മറ്റ് വകുപ്പുകളുടെ അധീനതയിൽ വരുന്ന ഭൂമിയിലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾക്ക് യഥാസമയം നിർദ്ദേശങ്ങളും ആവശ്യമായ സഹായങ്ങളും നൽകി വരുന്നുണ്ട്. |
| (ബി) അനധികൃത കയ്യേറ്റങ്ങൾ സമയബന്ധിതമായി ഒഴിപ്പിക്കുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ; | (ബി) അനധികൃത കയ്യേറ്റം ഒഴിപ്പിക്കുന്നതിന് 1957 ലെ ഭൂസംരക്ഷണ നിയമവും, 1958 ലെ ചട്ടങ്ങളും, 2009 ലെ നിയമഭേദഗതിയും ഇടുക്കി ജില്ലയിൽ കെ.ഡി.എച്ച് വില്ലേജിൽ 1971 ലെ കണ്ണൻ ദേവൻ മലകൾ (ഭൂമി വീണ്ടെടുത്ത്) നിയമ പ്രകാരവും ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. താലൂക്ക് തലത്തിൽ സ്പെഷ്യൽ സ്ക്വാഡ് രൂപീകരിച്ച് അവധി ദിവസങ്ങൾ ഉൾപ്പെടെ അനധികൃത കയ്യേറ്റങ്ങൾ നിരീക്ഷിക്കുന്നതിനും നടപടി സ്വീകരിക്കുന്നതിനും പ്രവർത്തിച്ചു വരുന്നു. |
| (സി) ഈ സർക്കാർ നിലവിൽ വന്നതിനു ശേഷം ഭൂമി കയ്യേറ്റം ഒഴിപ്പിച്ചതിന്റെ വിശദാംശങ്ങൾ അറിയിക്കുമോ? | (സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 26.05.2016 മുതൽ സംസ്ഥാനത്തൊട്ടാകെ 1452 കയ്യേറ്റ കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതും ആയതിൽ കയ്യേറ്റം ഒഴിപ്പിച്ചെടുത്ത 602 കേസുകളിലായി 195.13.74 ഹെക്ടർ സർക്കാർ ഭൂമി തിരിച്ചു പിടിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## വിശദീകരണ കുറിപ്പ്

അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് സമയ ബന്ധിതമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ ഭൂമിയിലെ അനധികൃത കയ്യേറ്റം കർശനമായി നിരീക്ഷിക്കണമെന്നും 07.05.2016 ന ശേഷം പുതിയ കയ്യേറ്റം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിൽ ആയവ ഉടൻ ഒഴിപ്പിക്കുവാൻ എല്ലാ വില്ലേജ് ഓഫീസർമാർക്കും ഭൂരേഖാ തഹസീൽദാർമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. ഇടുക്കി ജില്ലയിൽ സർക്കാർ ഭൂമിയിൻമേലുള്ള കയ്യേറ്റവും അനധികൃത നിർമ്മാണ പ്രവർത്തനങ്ങളും യഥാസമയം കണ്ടെത്തി സമയബന്ധിതമായി ഒഴിപ്പിക്കുന്നതിനാവശ്യമായ നിയമനടപടി സ്വീകരിക്കുന്നതിലേക്കായി പാലിക്കേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ച ഒരു സർക്കുലർ തയ്യാറാക്കി എല്ലാ ഉപകാര്യാലയങ്ങൾക്കും നൽകിയിട്ടുള്ളതും ഓരോ താലൂക്കിന്റെ പരിധിയിലുള്ള സർക്കാർ ഭൂമി കയ്യേറ്റങ്ങളിൽ ഭൂസംരക്ഷണ നിയമ പ്രകാരം സ്വീകരിച്ച നടപടികളുടെ പുരോഗതി അവലോകനം ചെയ്യുന്നതിനായി അവലോകന യോഗവും നടത്തി വരുന്നുണ്ട്. പൊതു അവധി ദിവസങ്ങളിൽ സർക്കാർ ഭൂമിയിൻമേലുള്ള പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിലേക്കായി ഭൂരേഖ തഹസീൽദാരുടെ മേൽ നോട്ടത്തിൽ എല്ലാ താലൂക്കുകളിലും താലൂക്ക് തലത്തിൽ പ്രത്യേക സംഘത്തെ രൂപീകരിച്ച ഭൂസംരക്ഷണ പ്രവർത്തനങ്ങൾ നിയന്ത്രിച്ചും ഏകോപിപ്പിച്ചും വരുന്നു.

(ഒപ്പ്)
സെക്ഷൻ ഓഫീസർ.

അനുബന്ധം

## ഭൂമി കൈയ്യേറ്റം ഒഴിപ്പിച്ചത് സംബന്ധിച്ച വിവരം

| ജില്ല | ഈ സർക്കാർ അധികാരമേറ്റതിന് ശേഷം റിപ്പോർട്ട് ചെയ്യപ്പെട്ട കൈയ്യേറ്റ കേസുകളുടെ എണ്ണം | ഈ സർക്കാർ അധികാരമേറ്റതിന് ശേഷം റിപ്പോർട്ട് ചെയ്യപ്പെട്ട കൈയ്യേറ്റ കേസുകളിൽ കൈയ്യേറ്റം ഒഴിപ്പിച്ച കേസുകളുടെ എണ്ണം | കൈയ്യേറ്റം ഒഴിപ്പിച്ചെടുത്ത വിസ്തീർണ്ണം (ഹെക്ടറിൽ) | ഒഴിപ്പിച്ച മുഖ്യമായ കേസുകളുടെ വിശദാംശങ്ങൾ |
|---|---|---|---|---|
| തിരുവനന്തപുരം | 83 | 53 | 02.94.23H | കാട്ടാക്കട താലൂക്കിൽ കള്ളിക്കാട് വില്ലേജിൽ റീസർവ്വെ 241/5 ൽ പ്പെട്ട 1.97.98H ഭൂമി തിരിച്ചു പിടിച്ചു |
| കൊല്ലം | 101 | 51 | 0.47.25H | WP(C)7893/10, 5025/16 എന്നീ നമ്പർ കേസുകളിൽ 11/11/2016 ൽ ഉണ്ടായ കോടതി ഉത്തരവ് അനുസരിച്ച് ശൂരനാട് വടക്ക്, പോരുവഴി വില്ലേജുകളിൽ ഉൾപ്പെട്ട കിടക്കുന്ന ചക്കുവള്ളി ദേവസ്വം വക പുറമ്പോക്കുകളിലെ 36 കയ്യേറ്റങ്ങൾ ഒഴിപ്പിച്ചു |
| പത്തനംതിട്ട | 33 | 5 | 1.29.03H | കോന്നി താലൂക്കിൽ അരുവാപ്പലം വില്ലേജിൽ സർവ്വെ നമ്പർ 540/1-1-485, 540/1-1-484 എന്നിവയിൽപ്പെട്ട സർക്കാർപാറ പുറമ്പോക്ക് 1.02.79 H ഒഴിപ്പിച്ചു. |
| ആലപ്പുഴ | 97 | 18 | 1.62.50H | ചേർത്തല തെക്ക് വില്ലേജിൽ ബ്ലോക്ക് 46 റീസർവ്വെ 11/2 ൽ പ്പെട്ട 07.04 ആർസ്, മാരാരിക്കുളം വടക്ക് വില്ലേജിൽ ബ്ലോക്ക് 30 ൽ സർവ്വെ ചെയ്യാത്ത കടൽ പുറമ്പോക്കിൽപ്പെട്ട 40.98 ആർ. |
| കോട്ടയം | 16 | 6 | 0.02.80H | മൂന്നിലവ് വില്ലേജിൽ ബ്ലോക്ക് 56 ൽ സർവ്വെ നമ്പർ 313/1 ലെ സർക്കാർ തരിശ്ശിൽ ഉൾപ്പെട്ട 6 കൈയ്യേറ്റ വസ്തുക്കളിലായി 0.028 H സ്ഥലം ഒഴിപ്പിച്ചു. |

| | | | | |
|---|---|---|---|---|
| ഇടുക്കി | 115 | 61 | 179.69.52 | |
| എറണാകുളം | 169 | 22 | 2.46.71H | കണയന്നൂർ താലൂക്ക് കാക്കനാട് വില്ലേജ് ബ്ലോക്ക് 9 റീസർവ്വെ 725/13 ൽ പ്പെട്ട 18.70 ആർ, ബ്ലോക്ക്9, റീസർവ്വെ 394/16 ൽ 17.85 ആർ ആലുവ താലൂക്കിൽ മുക്കന്നൂർ വില്ലേജിൽ ബ്ലോക്ക് 17, റീസർവ്വെ 241/1 ൽ പ്പെട്ട 22.04 ആർ. |
| തൃശ്ശൂർ | 70 | 25 | 0.22.75H | |
| പാലക്കാട് | 486 | 259 | 1.42.36H | പാലക്കാട് താലൂക്കിൽ ഐ.ഐ ടിക്ക് വേണ്ടിയും, ആലത്തൂർ താലൂക്കിൽ ദേശീയ പാതക്ക് വേണ്ടിയും ഏറ്റെടുത്ത ഭൂമിയിലെ കയ്യേറ്റങ്ങൾ |
| മലപ്പുറം | 43 | 27 | 3.31.37H | ചീക്കോട് വില്ലേജിലെ 0.55.85H ചാലിയാർ പുഴ പുറമ്പോക്ക്, തിരൂർ താലൂക്ക് ഭാരതപ്പുഴ-പുറമ്പോക്ക് 2.30.79H ഒഴിപ്പിച്ചു |
| കോഴിക്കോട് | 39 | 5 | 0.1709H | |
| വയനാട് | 95 | 62 | 1.3882H | |
| കണ്ണൂർ | 35 | 3 | 0.0735H | കണ്ണൂർ താലൂക്ക് മാട്ടൂർ വില്ലേജിലെ 0.06.10H ഒഴിപ്പിച്ചു. |
| കാസർഗോഡ് | 70 | 5 | 0.01.96 H | ബാര വില്ലേജിൽ റീസർവ്വെ 297/4 ൽ പ്പെട്ട 0.12 ഏക്കർ തിരിച്ചു പിടിച്ചു. |
| ആകെ | 1452 | 602 | 195.13.74 | |

സെക്ഷൻ ഓഫീസർ